**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-5513 28.07.2015-ൽ മറുപടിയ്ക്ക്

## പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ

**ചോദ്യം**

ശ്രീ. കെ.വി. വിജയദാസ്

**ഉത്തരം**

ഡോ. എം.കെ. മുനീർ,
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

<table>
<tr><th>ക്രമ നമ്പർ</th><th>ചോദ്യം</th><th></th><th>ഉത്തരം.</th></tr>
<tr><td>(എ)</td><td>200-ലേറെ പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്തുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;</td><td rowspan="3">(എ)യും (ബി)യും (സി)യും</td><td rowspan="3">ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്തുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ 16.07.2015-ലെ ഇ1-01/2015-ാം നമ്പർ ഉത്തരവ് പ്രകാരം, 240 ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് സെക്രട്ടറിമാരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് പ്രസ്തുത ഒഴിവുകൾ നികത്തിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഇവരുടെ ഒഴിവുകളിലേക്ക് പ്രൊമോഷൻ എന്ന് നടത്താനാകും;</td></tr>
<tr><td>(സി)</td><td>പഞ്ചായത്ത് തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ പ്രസ്തുത പ്രൊമോഷൻ നടത്താത്തത് ഗുരുതരമായ വീഴ്ചയല്ലേ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**